'ജലം ജീവാമൃതം'

Mobile/ Whatsapp: +9194959 98258
Website:http://www.kwa.kerala.gov.in

Tel: 0471 2738300
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**KERALA WATER AUTHORITY**

Jalabhavan
Thiruvananthapuram-695033
Kerala

No. KWA/JB/PIU-2/AEE-5/KIIFB/Malampuzha-Pk-IV/2021 Dated: 22.11.2022

From

The Managing Director

To

The Chief Engineer (NR), KWA, Kozhikkode/
The Superintending Engineer, PH Circle, KWA, Palakkad/
The Executive Engineer, Project division, KWA, Chittur

Sir,

Sub:- KIIFB 2017-18- CWSS to Resolve The Scarcity of Drinking Water In Various Grama Panchayath in Malampuzha - Phase I- Package I & 4 -MoM forwarding of Reg:-

Ref:- 1. Letter -WS-C3/399/202I/WRD dated 11-11-22 from WRD. Government of Kerala.

Enclosed, please find copy of letter with the minutes of meeting conducted by the Hon'ble Minister for Water Resources on 26-10-2022, to discuss the complaints received on the subject work.

You are requested to take urgent necessary action in this regard and an action taken report shall be submitted at the earliest for onward submission to the Govt.

Yours faithfully,
Naushad A
Deputy Chief Engineer (Project Implementation Unit 2)
(For The Managing Director)

Encl:

Ref:1

File KWA/JB/PIU-2/AEE-5/KIIFB/Malampuzha-Pk-IV/2021 Approved by Deputy Chief Engineer (Project Implementation Unit 2) on 22-Nov-2022 12:40 PM - Page 1

The document is digitally approved. Hence signature is not needed.

MoM



File KWA/JB/PIU-2/AEE-5/KIIFB/Malampuzha-Pk-IV/2021 Approved by Deputy Chief Engineer (Project Implementation Unit 2) on 22-Nov-2022 12:40 PM - Page 2

15 YEARS OF CELEBRATING THE MAHATMA

# GOVERNMENT OF KERALA

Water Resources(WS-C)Department

No-WS-C3/399/2021/WRD 11-11-2022,Thiruvananthapuram

From

Secretary to Government

To

The Managing Director,
Kerala Water Authority,
Thiruvananthapuram.

Sir,

Sub: WRD- Delay in implementation of water supply projects in Malampuzha - minutes forwarding of -Reg.

Ref: Meeting held on 26/10/2022

In inviting to your attention to the subject referred above, I am to forward herewith the minute of the meeting held on 26/10/2022 at the chamber of Hon'ble Minister ,Water Resources Department for urgent necessary action and report.

Yours Faithfully,
SREEKALA T P
UNDER SECRETARY
For Secretary to Government.

Approved for Issue,

Signed by Sudhila L
Date: 14-11-2022 10:34:23

Section Officer.

File KWA/JB/PIU-2/AEE-5/KIIFB/Malampuzha-Pk-IV/2021 Approved by Deputy Chief Engineer (Project Implementation Unit 2) on 22-Nov-2022 12:40 PM - Page 3



150 YEARS OF CELEBRATING THE MAHATMA

**മലമ്പുഴ നിയോജക മണ്ഡലത്തിലെ കുടിവെള്ളം ക്ഷാമം പരിഹരിക്കുന്നതിന് കിഫ്‌ബി ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ കാലതാമസം കൂടാതെ ചെയ്തു തീർക്കുന്നതിനായും കോൺട്രാക്ടർമാർ നൽകിയ പരാതികൾ പരിഹരിക്കുന്നതിനായും 26/10/2022 ന് ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ ചേംബറിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് ആരംഭിച്ചു. ബഹു.മന്ത്രി എല്ലാവരേയും സ്വാഗതം ചെയ്തു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.

മലമ്പുഴ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി കിഫ്‌ബി ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളിൽ രണ്ടും നാലും പാക്കേജ് പ്രവൃത്തികൾ സംബന്ധിച്ച് കോൺട്രാക്ടർമാർ ബഹു.ജലവിഭവവകുപ്പ് മന്ത്രിക്ക് നൽകിയ പരാതികൾ വിശദമായി ചർച്ച ചെയ്തു.

ഈ പ്രവൃത്തിക്ക് 64.14കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. ഇതിന്റെ രണ്ടാമത്തെ പാക്കേജ് പ്രവൃത്തി മലമ്പുഴ ഡാം റിസർവേയറിന്റെ ചുറ്റും താമസിക്കുന്നവർക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയാണ്. ഇതിൽ 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഒരു O.H. ടാങ്കും ഇതിലേക്ക് മലമ്പുഴ ജലശുദ്ധീകരണശാലയിൽ നിന്നും 7373 മീറ്റർ നീളത്തിൽ 150 M M ഡി.ഐ. പൈപ്പും ടാങ്കിൽ നിന്നും 6 കി.മീറ്റർ വിതരണശൃംഖലയും ഒരു പമ്പ്സെറ്റും ആണ് ഉൾപ്പെട്ടിരിക്കുന്നത്. 01/10/2020 ന് ശ്രീ.കെ.ഒ.ജോസ്, Managing Partner, India Tech Constructions എന്ന കോൺട്രാക്ടർ എഗ്രിമെന്റ് വെയ്ക്കുകയും 25/11/2020 നും 04/01/2021 നും വർക്ക് തുടങ്ങുന്നതിന് വേണ്ടി കോൺട്രാക്ടർമാർക്ക് പ്രോജക്ട് ഡിവിഷൻ ചിറ്റൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകുകയും ചെയ്തിരുന്നു. അതനുസരിച്ച് ടാങ്ക് ചെയ്യേണ്ട സ്ഥലത്ത് മണ്ണ് പരിശോധന നടത്തിയപ്പോൾ എസ്റ്റിമേറ്റിൽ പറയുന്ന പ്രകാരം ഫൗണ്ടേഷൻ മതിയാവില്ലെന്നും പൈൽ ഫൗണ്ടേഷൻ വേണമെന്നും ഇതിനായി അധികതുക ആവശ്യമാണെന്നും കാണിച്ച് കോൺട്രാക്ടർ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ NIT volume 2 പ്രകാരം ഏത് വിധത്തിലുള്ള ഫൗണ്ടേഷനാണെങ്കിലും യാതൊരുവിധ അധിക ചെലവുമില്ലാതെ ആവശ്യമായ ഡിസൈൻ അനുസരിച്ച് ചെയ്യാൻ കോൺട്രാക്ടർ ബാദ്ധ്യസ്ഥനാണെന്ന് കാണിച്ച് വാട്ടർ അതോറിറ്റി കരാറുകാരന് കത്ത് നൽകി. എന്നാൽ അധികതുക പൈൽ ഫൗണ്ടേഷനും retaining wall construction – നും ആവശ്യമായി വരുന്നതുകൊണ്ട് ഇത് Extra item ആയി നൽകിയാൽ മാത്രമേ പണിചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് കരാറുകാരൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, പാലക്കാട് നെ അറിയിക്കുകയും തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ടി വർക്ക് കരാറുകാരന്റെ risk & cost ൽ arrange ചെയ്യുമെന്ന് കരാറുകാരനെ അറിയിക്കുകയും ചെയ്തു.

ഈ ലെറ്റർ കിട്ടിയപ്പോൾ കരാറുകാരൻ ബഹു.ജലവിഭവ മന്ത്രിയ്ക്ക് പരാതി നൽകി. തുടർന്ന്

File KWA/JB/PIU-2/AEE-5/KIIFB/Malampuzha-Pk-IV/2021 Approved by Deputy Chief Engineer (Project Implementation Unit 2) on 22-Nov-2022 12:40 PM - Page 4



ബഹു.മന്ത്രി 02/11/2021 ലും, 24/02/2022 ലും തന്റെ ചേംബറിൽ അതോറിറ്റി ഉദ്യോഗസ്ഥരുമായി പ്രശ്നപരിഹാരത്തിനായി വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. രണ്ടാമത്തെ മീറ്റിംഗിലെ തീരുമാനപ്രകാരം പൈൽ foundation ഉൾപ്പെടുത്തി Estimate തയ്യാറാക്കുവാൻ ബഹു.മന്ത്രി നിർദ്ദേശിച്ചു. പുതിയ എസ്റ്റിമേറ്റ് ഉത്തര മേഖല ചീഫ് എഞ്ചിനീയർ, കെ.ഡബ്ല്യു.എ. സാങ്കേതികാനുമതിയും നൽകിയിരുന്നു. ഇതു പ്രകാരം 30/07/2022 ന് കരാറുകാരനോട് പ്രവർത്തി തുടങ്ങാൻ ആവശ്യപ്പെട്ടെങ്കിലും പഴയ റേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ വർക്ക് ചെയ്യാൻ സാധ്യമല്ലെന്ന് കരാറുകാരൻ അറിയിച്ചു. ആയതിനാൽ ടി വർക്ക് risk and cost ൽ ചെയ്യുമെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാറുകാരനെ അറിയിച്ചു.

പി.ഡബ്ല്യു.ഡി.റോഡ് കട്ടിംഗ് സാങ്ഷൻ കിട്ടാത്തതുകൊണ്ടും പൈപ്പ് ഇടാനുള്ള സ്ഥലം മലമ്പുഴ ഡാമിന്റെ catchment area യുടെയും steep ആയ മലയുടെയും ഇടയിലുള്ള വീതി കുറഞ്ഞ റോഡായതുകൊണ്ടും പൈപ്പ് സപ്ലൈ ചെയ്യുവാൻ സാധിച്ചില്ല എന്ന് കോൺട്രാക്ടർ ശ്രീ.ജോസ് അറിയിച്ചു. ഇക്കാലയളവിൽ പൈപ്പിനുള്ള പർച്ചേസ് ഓർഡർ കൊടുത്തതായും ശ്രീ.ജോസ് കോൺട്രാക്ടർ അറിയിച്ചു.

പൈൽ foundation ചെയ്യുന്നതുമൂലമുള്ള അധികബാധ്യത കരാറുകാരൻ വഹിക്കുന്നത് ശരിയല്ലായെന്നും, പഴയ rate ൽ (SOR 2016 ) ഈ പണി പൂർത്തീകരിക്കുവാൻ കരാറുകാരനോട് ആവശ്യപ്പെടുന്നതും ന്യായമല്ല എന്നും, ടാങ്കിന്റെ ഡിസൈൻ സമർപ്പിച്ച ശേഷം അതിന് അംഗീകാരം നൽകുന്നതിനായിട്ടോ, ഫൗണ്ടേഷൻ മാറിയതിനാൽ വന്ന അധികചെലവ് സംബന്ധിച്ച് എന്തെങ്കിലും വിവരം നൽകുന്നതിനോ, കരാർ കാലാവധി അവസാനിക്കും വരെ യാതൊരു കത്തിടപാടുകളും അതോറിറ്റിയുടെ ഭാഗത്തു നിന്ന് നടത്തിയിട്ടില്ലായെന്നതുകൊണ്ടും കൂടാതെ ജൽ ജീവൻ മിഷന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ടി പ്രവൃത്തി എത്രയും വേഗം നടപ്പിലാക്കേണ്ടതു കൊണ്ടും നിലവിലുള്ള കോൺട്രാക്ട് റിസ്ക് & കോസ്റ്റ് ഒഴിവാക്കി റദ്ദ് ചെയ്ത് പുതിയ നിരക്കിൽ പുതിയ ടെണ്ടർ വിളിച്ച് വർക്ക് പൂർത്തീകരിക്കുന്നതിനും ബഹു.ജലവിഭവവകുപ്പ് മന്ത്രി ജലഅതോറിറ്റി ഉദ്യോഗസ്ഥരോട് നിർദ്ദേശിക്കുകയും ചെയ്തു.

ഈ പ്രവൃത്തിയുടെ നാലാമത്തെ പാക്കേജായ മുണ്ടൂർ പുതുപരിയാരം പഞ്ചായത്തുകളിൽ നിന്നുള്ള വിതരണ ശൃംഖല NH ന്റെ അരികിലൂടെ ചെയ്യേണ്ട പ്രവൃത്തിയാണ്. ടി പ്രവൃത്തിക്ക് 23/03/2020 ന് ശ്രീ ജോർജ്ജ് മാർട്ടിൻ ജോസ് എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകുകയും 19/05/2020 ന് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിരുന്നു. 11/05/2020 ന് പ്രവ്ൃത്തി തുടങ്ങിയെങ്കിലും License fees ഉം Performance guarantee യും അടച്ച ശേഷം മാത്രം പ്രവൃത്തി തുടർന്നാൽ മതിയെന്ന് PWD NH വിഭാഗം അറിയിക്കുകയും തുടർന്ന് പണികൾ തടസ്സപ്പെടുകയും ചെയ്തു. തന്മൂലം കരാറുകാരൻ വർക്ക് നിർത്തിവയ്ക്കാൻ നിർബന്ധിതനായി. 9 മാസത്തിനു ശേഷം കിഫ്ബിയിൽ നിന്നും ഫണ്ട് കിട്ടിയ മുറയ്ക്ക് 17/02/2021 ൽ മേൽപറഞ്ഞ തുകകൾ അടയ്ക്കുകയും 19/02/2021-ൽ പൈപ്പ് ഇടുവാനുള്ള അനുമതി ലഭിക്കുകയും ചെയ്തു. ഇതിനിടയിൽ സപ്ലൈ ചെയ്ത പൈപ്പുകൾ സ്ഥാപിക്കുവാൻ അനുമതി ഇല്ലാത്തതിനാലും alignment fix ചെയ്യപ്പെടാത്തതിനാലും supply ചെയ്തതിലെ ബാലൻസ് പൈപ്പുകൾ ഉടനടി റോഡ് സൈഡിൽ നിന്ന് മാറ്റണമെന്നും, രേഖാമൂലം അനുമതി ലഭിക്കാതെ പൈപ്പുകൾ റോഡ് സൈഡിൽ stack ചെയ്യാൻ പാടില്ലായെന്നും NH അതോറിറ്റി കോൺട്രാക്ടറെ അറിയിച്ചു.

File KWA/JB/PIU-2/AEE-5/KIIFB/Malampuzha-Pk-IV/2021 Approved by Deputy Chief Engineer (Project Implementation Unit 2) on 22-Nov-2022 12:40 PM - Page 5

എന്നാൽ ഈ കാലയളവിൽ പൈപ്പിന്റെ വില ക്രമാതീതമായി വർദ്ധിച്ചതിനാൽ പഴയ നിരക്കിൽ വർക്ക് ചെയ്യുവാൻ തയ്യാറല്ലെന്ന് കോൺട്രാക്ടർ KWA അറിയിച്ചിരുന്നു. 13/10/2021 ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ടി വർക്ക് risk & cost ചെയ്യുമെന്ന് കത്ത് മുഖേന കരാറുകാരനെ അറിയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ബഹു.ജലവിഭവവകുപ്പ് മന്ത്രിക്ക് കരാറുകാരൻ പരാതി നൽകിയിരുന്നു. തുടർന്ന് ഈ വിഷയം 02/11/2021 ലും 24/02/2022 ലും ബഹു.ജലവിഭവ വകുപ്പ മന്ത്രിയുടെ ചേംബറിൽ കൂടിയ മീറ്റിംഗിൽ ചർച്ച ചെയ്തിരുന്നു. അതുപ്രകാരം വിലകയറ്റം മൂലമുള്ള വിലവർദ്ധനവ് നൽകുവാനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതിന് പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. ഇതിന് മറുപടിയായി കിഫ്ബി അധികൃതർ ബാക്കിയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സംബന്ധിച്ച് നിലവിലുള്ള കരാറിൽ നിരക്ക് വർദ്ധനവ് സാധ്യമല്ലെന്ന് അറിയിച്ചു.

മുണ്ടൂർ പുതുപരിയാരം പഞ്ചായത്തുകൾക്ക് ജലജീവൻ മിഷനിലൂടെ കുടിവെള്ള കണക്ഷൻ നൽകുന്നതിന് പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കേണ്ടതിനാലും പൈപ്പിന്റെ വിലവർദ്ധനവ് കണക്കിലെടുത്തും കിഫ്ബിയിൽ നിന്നും അതുപോലെ PWD NH ൽ നിന്നും അനുമതി ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടതിനാലും പ്രസ്തുത കരാർ risk & cost ഒഴിവാക്കി റദ്ദ് ചെയ്ത് പുതിയ എസ്റ്റിമേറ്റ് പുതിയ നിരക്കിൽ തയ്യാറാക്കി ടെണ്ടർ വിളിച്ച് എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കാനും ബഹു.ജലവിഭവവകുപ്പ് മന്ത്രി KWA അധികൃതരോട് നിർദ്ദേശിച്ചു.

യോഗം 1.00 മണിയ്ക്ക് അവസാനിച്ചു.

<u>യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം</u>

1. ശ്രീമതി.ലീനാകുമാരി, ചീഫ് എഞ്ചിനീയർ, North region, കെ.ഡബ്ല്യു എ.

2. ശ്രീ.അനിൽകുമാർ, ചീഫ് എഞ്ചിനീയർ, പ്രോജക്ട്സ്, എം.ഡി.ഓഫീസ്, തിരുവനന്തപുരം.

3. ശ്രീ.രാജഗോപാൽ എ.വി., സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്. സർക്കിൾ, പാലക്കാട്.

4. ശ്രീ.ബേബി ജോർജ്ജ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് ഡിവിഷൻ, കെ.ഡബ്ല്യു.എ., ചിറ്റൂർ.

5. ശ്രീ.ശ്രീഹരി എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് ഡിവിഷൻ, കെ.ഡബ്ല്യു.എ.

6. ശ്രീ.ജോർജ്ജ് മാർട്ടിൻ ജോസ്, കോൺട്രാക്ടർ

7. ശ്രീ.കെ.ഒ.ജോസ്, മാനേജിംഗ് പാർട്ണർ, ഇൻഡ്യടെക് കൺസ്ട്രക്ഷൻസ്, കോൺട്രാക്ടർ.

File KWA/JB/PIU-2/AEE-5/KIIFB/Malampuzha-Pk-IV/2021 Approved by Deputy Chief Engineer (Project Implementation Unit 2) on 22-Nov-2022 12:40 PM - Page 6